നെയ്യാർ ഡാമിലെ സഫാരി പാർക്കിൽ മറ്റു വന്യ മൃഗങ്ങളെക്കൂടെ പാർപ്പിക്കാൻ നടപടി

853 [1858] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാർ ഡാമിലെ സഫാരി പാർക്കിൽ മറ്റു വന്യമൃഗങ്ങളെക്കൂടെ പാർപ്പിച്ചു ടൂറിസ്റ്റുകളെ ആകർഷിക്കാൻ വേണ്ട നടപടി സ്വീകരിക്കാമോ ;

(ബി) അതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുണ്ടോ?

ഉത്തരം

(എ) സിംഹ സഫാരി പാർക്കിൽ മറ്റു വന്യമൃഗങ്ങളെക്കൂടി പാർപ്പിക്കുന്നത് ശരിയാവുകയില്ല.

(ബി) ഉണ്ട്. സിംഹം ഒരു മാംസഭുക്കായതുകൊണ്ട് മറ്റു വന്യമൃഗങ്ങളെ കൊന്നു തിന്നുന്നതാണ്.

സൈലൻറ് വാലി നാഷണൽ പാർക്കിൻറെ വികസന പ്രവർത്തനങ്ങൾ

854 [1859] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 സാമ്പത്തികവർഷത്തിൽ സൈലൻറ് വാലി നാഷണൽ പാർക്കിൻറെ വികസനപ്രവർത്തനങ്ങൾക്കായി എത്ര രൂപ ചെലവഴിച്ചു ; അതിൻറെ ഇനം തിരിച്ച് കണക്ക് വ്യക്തമാക്കാമോ ;

(ബി) നാഷണൽ പാർക്കിൻറെ വികസനത്തിനായി അനുവദിച്ച തുക ലാപ്സായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആരാണ് ഉത്തരവാദികൾ ?

ഉത്തരം

(എ) സൈലൻറ് വാലി നാഷണൽ പാർക്കിൻറെ വികസനത്തിനായി 1985-86-ൽ 14,10,292.62 രൂപ ചെലവാക്കിയിട്ടുണ്ട്. ഇനം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

അഗസ്ത്യകൂടത്തിൽ പൊതുജനങ്ങൾ കയറുന്നതിനുള്ള നിരോധനം

855 [1860] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗസ്ത്യകൂടം വനപ്രദേശങ്ങളിൽ പൊതുജനങ്ങൾ കടന്നു കയറുന്നത് തടഞ്ഞുകൊണ്ട് ഗവൺമെൻറ് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ആരെങ്കിലും അത് ലംഘിച്ചിട്ടുണ്ടോയോ ലംഘിക്കാൻ പോകുന്നതായോ ഗവൺമെൻറിന് പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) അപ്രകാരം പരാതി ലഭിച്ചിട്ടുണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) അഗസ്ത്യകൂടം വനപ്രദേശം വന്യജീവി സംരക്ഷണ മേഖലയായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ വനം വകുപ്പിലെ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനിൽനിന്നും അനുവാദം വാങ്ങിയ ശേഷമെ സാങ്ചുവറിയിൽ പ്രവേശിക്കാൻ പാടുള്ളൂ.

(ബി) ഉണ്ട്.

(സി) സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

കൃഷ്ണമെൻറ് ഏരിയയിൽ വനവൽക്കരണം

856 [1861] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) ജലസംഭരണികളുടെ കൃഷ്ണമെൻറ് ഏരിയകളിൽ വൃക്ഷങ്ങൾ നശിച്ചുപോയതുകാരണം മണ്ണൊലിപ്പിൻറെ ദുഷ്യഫലങ്ങൾ ഇരയായിരിക്കുന്ന വസ്തുത ഗവൺമെൻറിൻറെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കൃഷ്ണമെൻറ് ഏരിയകളിൽ ഒരു പ്രത്യേക പരിപാടിയായി വനവൽക്കരണം നടത്തുവാൻ നടപടി സ്വീകരിക്കുമോ ;

(സി) കേന്ദ്രഗവൺമെൻറിന് ഇപ്രകാരം ഒരു സ്കീം ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) കൃഷ്ണമെൻറ് ഏരിയകളിൽ വച്ചുപിടിപ്പിച്ചു വിഷമപ്പെട്ടാൽ നഷ്ടകരം വരണ്ടുണങ്ങുവാൻ സാദ്ധ്യതയുണ്ടോ ;

(ഇ) ഇതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(എഫ്) കൃഷ്ണമെൻറ് ഏരിയായിൽ വനങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് കേരള ഫോറസ്ട്രി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്തെങ്കിലും നിർദ്ദേശം ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഇടുക്കി ജലസംഭരണിയുടെ കൃഷ്ണമെൻറ് ഏരിയായിൽ മണ്ണൊലിപ്പിൻറെ ദുഷ്യങ്ങൾ ഉള്ളതായി ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി, സി) ഇടുക്കി കൃഷ്ണമെൻറ് ഏരിയായുടെ മണ്ണൊലിപ്പ് സംരക്ഷണം 100% കേന്ദ്രസഹായത്തോടെ ആർ. എൽ. ഇ. ജി. പി. പ്രോജക്ട് പ്രകാരം നടപ്പിലാക്കിവരുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) പ്രത്യേക പഠനം നടത്തിയിട്ടില്ല.

(എഫ്) ഗവൺമെൻറിന് നിർദ്ദേശമൊന്നും കിട്ടിയിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly